(എ) യാത്രക്കാരുടെ തിരക്കുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് 'പീക്ക്'ടൈമായി അനുഭവപ്പെടുന്നത് എപ്പോഴെല്ലാമാണ്;

(ബി) ഈ സമയത്ത് ഒരു കിലോമീറ്ററിന് എന്തു തുക കളക്ഷൻ ലഭിക്കും;

(സി) പ്രസ്തുത സമയങ്ങളിൽ ചെയിൻ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ പരിപാടിയുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് യാത്രക്കാരുടെ കുറവ് അനുഭവപ്പെടുന്നത് എപ്പോഴെല്ലാമാണ്;

(ഇ) പ്രസ്തുത സമയങ്ങളിൽ കിലോമീറ്ററിന് എന്തു തുകയുടെ കളക്ഷൻ ലഭിക്കുമെന്ന് പറയാമോ;

(എഫ്) കളക്ഷൻ കുറയുന്ന സമയത്ത് സർവ്വീസുകളുടെ എണ്ണം കുറയ്ക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) രാവിലെ 9 മണിക്കും 10 മണിക്കും ഇടയിൽ.

(ബി) ഈ രീതിയിലുള്ള കളക്ഷൻ കണക്കാക്കിയിട്ടില്ല.

(സി) ഇപ്പോൾത്തന്നെ ചെയിൻ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ഡി) 11 മണിക്കും 3 മണിക്കും ഇടയ്ക്കുള്ള സമയങ്ങളിൽ യാത്രക്കാർ താരതമ്യേന കുറവാണ്.

(ഇ) ഈ രീതിയിലുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

(എഫ്) ഉദ്ദേശ്യമുണ്ട്. ഈ സമയത്തെ ട്രിപ്പുകളുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററുകൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി

72 [5628] ശ്രീ. സി. ടി. അഹമ്മദ്അലി:
,, സി. മമ്മുട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ, സബ്ഡിപ്പോകൾ, ഓപ്പറേറ്റിംഗ് സെന്ററുകൾ, എന്നിവയുടെ പ്രവർത്തനം ലാഭത്തിലാണോ/നഷ്ടത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏറ്റവും അധികം ലാഭം ഉണ്ടാക്കുന്നവ ഏതെല്ലാം;

(സി) ഏറ്റവും കൂടുതൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം;

(ഡി) നഷ്ടം കുറച്ച് ലാഭത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ 2003 ജൂൺ മാസത്തെ വരവു ചെലവു കണക്കനുസരിച്ച് 10 ഡിപ്പോ, 6 സബ്ഡിപ്പോ, 9 ഓപ്പറേറ്റിംഗ് സെന്റർ എന്നിവ ലാഭത്തിലും 21 ഡിപ്പോ, 26 സബ്ഡിപ്പോ, 10 ഓപ്പറേറ്റിംഗ് സെന്റർ എന്നിവ നഷ്ടത്തിലുമാണ്.

(ബി) ലാഭമുണ്ടാക്കുന്ന സെന്ററുകൾ:

ഡിപ്പോ	സബ് ഡിപ്പോ	ഓപ്പറേറ്റിംഗ് സെന്റർ
വിഴിഞ്ഞം	വെള്ളനാട്	മണ്ണാർക്കാട്
തിരു. സെൻട്രൽ	ഹരിപ്പാട്	വെഞ്ഞാറമൂട്
ആറ്റിങ്ങൽ	അങ്കമാലി	വിതുര
കൊല്ലം	ചാലക്കുടി	പന്തളം
കായംകുളം	കരുനാഗപ്പള്ളി	മൂലമറ്റം
തിരുവല്ല	മാവേലിക്കര	മൂന്നാർ
മൂവാറ്റുപുഴ		ഇരിങ്ങാലക്കുട
എറണാകുളം		കൊടുങ്ങല്ലൂർ
പെരുമ്പാവൂർ		വെള്ളറട
തൃശ്ശൂർ		

(കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലെ ലാഭനഷ്ടങ്ങൾ ഓരോ മാസത്തെ വരുമാനമനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.)

(സി) ഏറ്റവും കൂടുതൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ:

ഡിപ്പോ	സബ് ഡിപ്പോ	ഓപ്പറേറ്റിംഗ് സെന്റർ
പാറശ്ശാല	പത്തനാപുരം	കുളത്തുപ്പുഴ
പൂവ്വാർ	കാട്ടാക്കട	ആര്യനാട്
നെയ്യാറ്റിൻകര	വികാസ് ഭവൻ	പാലോട്
പാപ്പനംകോട്	കിളിമാനൂർ	പുതുക്കാട്
തിരു. സിറ്റി	പുനലൂർ	വടക്കാഞ്ചേരി
നെടുമങ്ങാട്	അടൂർ	നിലമ്പൂർ
കൊട്ടാരക്കര	ഈരാറ്റുപേട്ട	വടകര
പത്തനംതിട്ട	പൊൻകുന്നം	എരുമേലി
ചെങ്ങന്നൂർ	വൈക്കം	മല്ലപ്പള്ളി
ചങ്ങനാശ്ശേരി	തൊടുപുഴ	എടത്വ
ആലപ്പുഴ	കോതമംഗലം	
ചേർത്തല	നോർത്ത് പരവൂർ	
കോട്ടയം	പൊന്നാനി	
പാല	പെരിന്തൽമണ്ണ	

LIBRARY ARCHIVES Kerala Legislative Assembly